**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്.<br><br>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ അക്കൗണ്ടിംഗ് വിവരങ്ങൾ ഇടപാടുകാർക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ അക്കൗണ്ടിംഗ് സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം വകുപ്പിന്റെ പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ നിലവിലുള്ള വെബ്സൈറ്റ് വികസിപ്പിക്കുന്നതിന് സി.ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br><br>വകുപ്പിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനായി പുതുതായി രണ്ട് പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതികളിൽ സർക്കാർ/ പൊതുമേഖല ജീവനക്കാർക്കുള്ള 'ജീവൻരക്ഷ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. അംഗൻവാടി അംഗങ്ങൾക്കുള്ള "അങ്കണം" പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കുടുംബശ്രീ അംഗങ്ങൾക്കുള്ള "ഒരുമ" പദ്ധതി 2023-24 വർഷത്തേക്ക് 12 ലക്ഷം പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ചു. കാർഷിക കർമ്മസേന അംഗങ്ങൾക്കുള്ള കരുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എസ്.സി/എസ്.റ്റി വിഭാഗത്തിലെ പെൺകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന 'ജീവനാളം' പദ്ധതി, സ്കൂൾ കുട്ടികൾക്കുള്ള 'ബാല്യ സുരക്ഷ' പദ്ധതി എന്നിവ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ